കാർഷിക കടാശ്വാസ പദ്ധതി

9 (*129) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷിക കടാശ്വാസ പദ്ധതി കുറ്റമറ്റ രീതിയിൽ നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ വിശദമാക്കുമോ ;

(ബി) കടക്കെണിയിലായ കർഷകരുടെ ആത്മഹത്യ തടയുന്നതിനും കൃഷി പ്രോൽസാഹിപ്പിക്കുന്നതിനും കാർഷിക കടാശ്വാസ കമ്മീഷൻ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കുമോ ;

(സി) കാർഷികേതര വായ്പകൾക്ക് സഹായം നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് തടയാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ;

(ഡി) കാർഷിക കടം എഴുതിത്തള്ളുമ്പോൾ അർഹതയില്ലാത്ത വൻകിട കർഷകർ നേട്ടമുണ്ടാക്കുന്നത് തടയാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ&ബി) കാർഷിക കടാശ്വാസ പദ്ധതി എന്ന പേരിൽ കൃഷി വകുപ്പ് മുഖേന ഒരു പദ്ധതി നടപ്പാക്കുന്നില്ല. 2006-ലെ കേരള കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരം രൂപീകരിച്ച കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ വ്യക്തിഗത അപേക്ഷകളിൽ ശിപാർശ ചെയ്യുന്നതനുസരിച്ച് കടാശ്വാസം അനുവദിക്കുകയാണ് ചെയ്യുന്നത്. കടബാധ്യതമൂലം ദുരിതത്തിലാണ്ട കർഷകർക്ക് ആശ്വാസം നൽകുന്നതിന് വേണ്ടി ന്യായനിർണ്ണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിനും മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും അത്തരം കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾക്ക് ശിപാർശ നൽകുന്നതിനും വേണ്ടിയാണ് കർഷക കടാശ്വാസ കമ്മീഷൻ രൂപീകരിച്ചിട്ടുള്ളത്. കടാശ്വാസം ലഭിക്കുന്നതിനായി കർഷകർ നൽകിയിട്ടുള്ള അപേക്ഷകളിൽ ഹിയറിംഗ് നടത്തിയതിനുശേഷമാണ് കമ്മീഷൻ കടാശ്വാസം ശിപാർശ ചെയ്യുന്നത്. ആക്ട് നിലവിൽ വന്ന തീയതിയായ 18-1-2007-നോ അതിനുമുമ്പോ കർഷകരിൽനിന്ന് സഹകരണ സംഘങ്ങൾക്കോ ലൈസൻസ് പ്രകാരമോ അല്ലാതെയോ പണം കടം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾക്കോ ലഭിക്കാനുള്ള ബാധ്യതകളാണ് കമ്മീഷന്റെ അധികാര പരിധിയിൽ വരുന്നത്. 2011-ൽ വയനാട് ജില്ലയിൽ കർഷക ആത്മഹത്യ ഉടർച്ചയായി റിപ്പോർട്ട് ചെയ്തതിനെത്തുടർന്ന് വയനാട് ജില്ലയിലെ കർഷകരുടെ 31-10-2011 വരെയുള്ള കടങ്ങൾകൂടി കമ്മീഷന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ട്. കടാശ്വാസ കമ്മിഷന്റെ പ്രവർത്തനം കൃഷി പ്രോത്സാഹിപ്പിക്കാൻ സഹായകരമാണ് എന്നാൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുന്നത് കമ്മീഷന്റെ അധികാര പരിധിയിൽ വരുന്നില്ല.

(സി) കാർഷികാനുബന്ധ വാണിജ്യാവശ്യങ്ങൾക്കൊഴികെയുള്ള വാണിജ്യാവശ്യങ്ങൾക്കോ ആഡംബരത്തിനോ വേണ്ടി വാങ്ങിയതൊഴികെയുള്ള ഏതൊരു കൃഷിയും 2006-ലെ കേരള കടാശ്വാസ കമ്മീഷൻ ആക്ടിലെ കടം എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതിനാൽ അവ കടാശ്വാസത്തിനായി പരിഗണിക്കുന്നുണ്ട്.

(ഡി) കർഷക കടാശ്വാസ കമ്മീഷന്റെ ശിപാർശ പ്രകാരം കാർഷിക കടം പൂർണ്ണമായി എഴുതിത്തള്ളുന്നില്ല ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി കടാശ്വാസം നൽകുകയാണ് ചെയ്യുന്നത്. 4 ഹെക്ടറിൽ കവിയാത്ത കൃഷി ഭൂമി കൈവശം വച്ചിരിക്കുകയും 2 ലക്ഷം രൂപയിൽ കവിയാത്ത വാർഷിക വരുമാനമുള്ളയും കൃഷി പ്രധാന ഉപജീവന മാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളയുമായ ഒരാൾക്കാണ് ആക്ട് പ്രകാരം കടാശ്വാസത്തിന് അർഹതയുള്ളത്.

തൊഴിലുറപ്പ് പദ്ധതിയിലെ കൂലി കുടിശ്ശിക

10 (*130) ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. എം. ചന്ദ്രൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതിയിൽ കൂലി കുടിശ്ശികയുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) കൂലി കുടിശ്ശിക വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഈ വർഷം തൊഴിൽ ദിനങ്ങൾ കുറയുന്നതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ ;

(ഡി) തൊഴിലുറപ്പ് പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly